# അക്കാദമിക് മാസ്റ്റർ പ്ലാൻ.

എസ്.എ.എൽ.പി. സ്കൂൾ ജി.നഗർ.

2024-25.
2025 - 25

# ആമുഖം.

ഇന്നത്തെ ലോകം കുഞ്ഞുങ്ങൾക്ക് മുൻപിൽ
തുറന്ന് കാട്ടുക എന്നത് അനിവാര്യമാണ്. മാറ്റങ്ങളെ
സ്വീകരിച്ച് ജീവിതത്തിന്റെ ഉന്നതങ്ങളിലെത്താൻ
പര്യാപ്തമാകുന്ന വിദ്യാഭ്യാസമാണ് ഇന്ന് കുട്ടികൾക്ക്
ലഭ്യമായിട്ടുള്ളത്. പരമ്പരാഗത രീതിയിൽ നിന്ന്
മാറി ജനപങ്കാളിത്തത്തോടെയുള്ള മുന്നേറ്റം എല്ലാ
മേഖലകളിലും ദൃശ്യമാണ്. ഓരോ പ്രവർത്തനങ്ങളും
കുട്ടിയുടെ മനസ്സിൽ ആഴ്ന്നിറങ്ങി പുതിയ ചിന്തകൾ ഉണർത്തി
അറിവിന്റെ ലോകത്തേക്ക് നയിക്കുന്നതിന് അക്കാദമിക
പ്രവർത്തനങ്ങൾ മുൻതൂക്കം നൽകുന്നു. മൈലമ്പാടി
പ്രദേശത്തെ വെളിച്ചത്തിലേക്ക് നയിച്ചത് എസ്. എ.
എൽ. പി. സ്കൂൾ ഗോഖലെനഗർ ആണ്. 75-ാം വാർഷികം
ആഘോഷിക്കുന്ന ഈ വിദ്യാലയം മാറ്റങ്ങൾ ഉൾക്കൊണ്ട്
മുന്നേറാൻ ശ്രമിക്കുകയാണ്.

# ചരിത്രം

ഇന്ത്യകണ്ട ഏറ്റവും വലിയ സാമൂഹ്യപ്രവർത്തകനായ ഗോപാലകൃഷ്ണഗോഖലെയുടെ സ്മരണ ഉണർത്തിക്കൊണ്ട് വയനാട്ടിലെ ആദിവാസികളുടെ ഉദ്ധരിക്കുന്നതിനായി ഭാരതസേവാസംഘം സർവെന്റ്സ് ഓഫ് ഇന്ത്യ സൊസൈറ്റി സ്ഥാപിച്ചതാണ് മൈലമ്പാടി ഗോഖലെ നഗർ എസ്. എ. എൽ. പി. സ്കൂൾ. ഭാരതത്തിലെ വനാന്തരങ്ങളിലും മലമ്പ്രദേശങ്ങളിലും ജീവിക്കുന്ന വനവാസികൾക്കും, ആദിവാസികൾക്കും വിദ്യാഭ്യാസം നൽകാൻ വേണ്ടി വിദ്യാലയങ്ങൾ തുടങ്ങിയപ്പോഴാണ് വയനാട്ടിലും ഏഴ് വിദ്യാലയങ്ങൾ സ്ഥാപിച്ചത്. പുറക്കാടി വില്ലേജിൽ അന്ന് കൊളഗപ്പാറ ട്രൈബൽ സ്കൂൾ മാത്രമേ ഉണ്ടായിരുന്നത്. മൈലമ്പാടിയിൽ ഒരു സ്കൂൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത എം.വി അനന്തനാരായണ അയ്യർ കോൺഗ്രസിന്റെ വയനാട്ടിലെ സമുന്നത നേതാവായിരുന്ന എം.കെ ജിനചന്ദ്രന്റെ ശ്രദ്ധയിൽപെടുത്തി. ഭാരതസേവാസംഘം മദ്രാസ് വിഭാഗം സെക്രട്ടറി എൽ.എൻ റാവുവും ഇക്കാര്യത്തിൽ താൽപര്യമെടുത്തു. 1950 ജനുവരിയിൽ വിദ്യാലയം പ്രവർത്തനം ആരംഭിച്ചു. ഏതാനം മാസങ്ങൾക്കുള്ളിൽ ഇന്ന് പ്രവർത്തിക്കുന്ന 83 അടി നീളവും 18 അടി

വീതിയുമുള്ള കെട്ടിടം എം.കെ പത്മപ്രഭാഗൗഡരും അതിന് വേണ്ട മരം എം.കെ ജിനചന്ദ്രനും സംഭാവന ചെയ്തു. ശൂലപാണി വാര്യർ പ്രാരംഭപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. തുടർന്ന് മൂന്ന് ക്ലാസുകൾക്ക് സൗകര്യപ്രദമായ രീതിയിൽ മറ്റൊരു കെട്ടിടവും പണിതു. ഇന്ന് ഈ വിദ്യാലയത്തിന്റെ മാനേജർ എം. ജെ. വിജയപത്മനാഭൻ.

## പൊതുലക്ഷ്യം

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനലക്ഷ്യങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
* പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ പ്രത്യേക പരിഗണനയിലൂടെ മുൻനിരയിലെത്തിക്കൽ.
* കുട്ടികൾക്ക് ഭാഷ [ഇംഗ്ലീഷ്, മലയാളം] അനായാസമായി കൈകാര്യം ചെയ്യാൻ അവസരമൊരുക്കും.
* വികവാർന്ന പ്രീ സ്കൂൾ വിദ്യാഭ്യാസം.
* പ്ലാസ്റ്റിക്, ലഹരി വിമുക്ത വിദ്യാലയം.

## ഭാഷാശേഷി:

* മുഴുവൻ കുട്ടികളെയും തെറ്റ് കൂടാതെ എഴുതാനും വായിക്കാനും ആത്മവിശ്വാസത്തോടെ ആശയ വിനിമയം ചെയ്യാനും പ്രാപ്തരാക്കൽ.
* വായന പരിപോഷിപ്പിക്കൽ.
* കുട്ടികളുടെ സർഗ്ഗാത്മകവും അക്കാദമികവുമായ കഴിവുകളുടെ പ്രോത്സാഹിപ്പിക്കൽ.

| പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- |
| നമ്മെ നാടറിയട്ടെ: കുട്ടികളുടെ സർഗാത്മകപരവും അക്കാദമികവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ പ്രവർത്തനം മാസത്തിലൊന്ന് ചെയ്യുന്നു. മികച്ച ക്ലാസ്റൂം പ്രവർത്തനങ്ങൾ, സർഗാത്മക പ്രവർത്തനങ്ങൾ, പരീക്ഷണം, പ്രദർശനം തുടങ്ങിയവ അവതരണം. പ്രഗത്ഭരുടെ സാന്നിധ്യം ഈ പരിപാടിയെ ശ്രദ്ധേയമാക്കും. | ജൂൺ to മാർച്ച് | Class tr. | 500/- |
| സ്കൂൾ ആകാശവാണി: ക്ലാസ്റൂം ഉൽപന്നങ്ങൾക്ക് പുറമെ പഠനം, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവ മൈക്കിലൂടെ അവതരണം. പാട്ട് കഥ പ്രാദേശികവാർത്തകൾ അവതരണം. | ജൂൺ to മാർച്ച് | Class tr. | |
| അസംബ്ലിയിൽ എന്റെ പങ്ക്: തിങ്കൾ, ബുധൻ വെള്ളി ദിവസങ്ങളിൽ രാവിലെ അസംബ്ലിയിൽ പത്രവായന കഥ പാട്ട്, വായനാക്കുറിപ്പവതരണം, ഡയറിവായന വായനാകാർഡ് വായന; കടങ്കഥ, പഴഞ്ചൊല്ല് അവതരണം. | ജൂൺ to മാർച്ച് | Class tr. | |
| വിദ്യാരംഗം കലാസാഹിത്യ വേദി: ക്ലാസടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നു. വ്യത്യസ്ത പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നവർക്കായി ശില്പശാല നടത്തുന്നു. സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ജൂൺ to മാർച്ച് | അന്നമ്മ K.C. | 1000/- |

| | | | |
|---|---|---|---|
| ഒരു കുട്ടി ഒരു മാസിക - ക്ലാസ്റൂം ഉൽപ്പന്നങ്ങളിൽ നിന്ന് രൂപപ്പെടുത്ത ഉൽപ്പന്നങ്ങൾ ഉപയോഗപ്പെടുത്തി ഓരോ കുട്ടിക്കും ഓരോ മാസിക തയ്യാറാക്കുന്നു. | | | |
| വായനാ കൂട്ടം: | | | |
| ലൈബ്രറി ശാക്തീകരണം: കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കുന്നു. മലയാളം മറ്റുരം പുസ്തകങ്ങളും ഉപയോഗപ്പെടുത്തുന്നു. ഓരോ ക്ലാസിനും ഓരോ ദിവസം നിശ്ചിത സമയം പുസ്തകങ്ങൾ വായനക്കായി നൽകുന്നു. വായനാ സംബന്ധ പ്രവർത്തനങ്ങൾ ചെയ്യുന്നു. | ജൂൺ to മാർച്ച് | class tr. | |
| പിറന്നാളിന് ഒരു പുസ്തകം സ്കൂൾ ലൈബ്രറിയിലേക്ക്. | | | |
| അമ്മവായന. സ്കൂൾ ലൈബ്രറിയിൽ നിന്ന് പുസ്തകം തെരഞ്ഞെടുക്കുവാനവസരം നൽകുന്നു. വായിച്ച പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ അമ്മമാർക്കവസരം. | ജൂൺ to മാർച്ച് | | |
| സ്റ്റാർ കലണ്ടർ: I-IV കുട്ടിയുടെ പ്രവർത്തന മികവുകൾക്ക് സ്റ്റാർ നൽകുന്നു. വർഷാവസാനം കൂടുതൽ സ്റ്റാർ ലഭ്യമായ കുട്ടിക്ക് സമ്മാനം നൽകുന്നു | ജൂൺ to മാർച്ച് | class tr. | 500/- |

| | | | |
|---|---|---|---|
| ഇംഗ്ലീഷ്:<br>ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ സാധിക്കൽ.<br>ഇംഗ്ലീഷ് അസംബ്ലി:<br>ആഴ്ചയിലൊരിക്കൽ ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. English pledge, prayer, news Englishish reading cards, English speech English rhymes, Riddles എന്നിവ അസംബ്ലിയിൽ അവതരിപ്പിക്കാനവസരം. | ജൂൺ to മാർച്ച് | class tr. | 250/- |
| സെന്റൻസ് ഓഫ് ദി വീക്ക്:<br>കുട്ടികൾക്ക് കമ്മ്യൂണിക്കേറ്റീവ് ടൈപ്പ് സെന്റൻസുകൾ ആഴ്ചയിലൊരിക്കൽ നൽകുന്നു. ഈ sentence കൾ ഉപയോഗിച്ച് skit കൾ ക്ലാസ് തലത്തിൽ പഠിക്കുകയും സർഗവേളകളിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ to മാർച്ച് | class tr. | NA. |
| ഇംഗ്ലീഷ് ഡയറി:<br>ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറി എഴുതുന്നു. | ജൂൺ to മാർച്ച് | class tr. | NA. |

| | | | |
|---|---|---|---|
| ഗണിതം:<br>ഗണിതപഠനം ആസ്വാദ്യകരമാക്കുക.<br>ഗണിത ക്ലബ്<br>പ്രവർത്തനങ്ങൾ:<br>ഗണിത കേളികൾ:<br>കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള കളികൾ കണ്ടെത്തുകയും അത് കുട്ടികൾ പരിശീലിക്കുകയും ചെയ്യുന്നു. | | | |
| കടങ്കഥകൾ [ഗണിതം] ശേഖരിക്കുകയും ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുന്നു | ജൂൺ to മാർച്ച് | class tr | |
| നിത്യജീവിതവുമായി ബന്ധപ്പെട്ട് ഗണിതത്തിന്റെ പങ്ക് ദിവസവും ചെയ്യുന്നു.<br>ഗണിതോല്ലാസം - ഉല്ലാസഗണിതം വിജയഗണിതം സാമഗ്രികൾ ഉപയോഗപ്പെടുത്തി പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>ഗണിത ക്ലബ്. | | | |
| ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്വിസ് മത്സരങ്ങൾ, മനക്കണക്ക് പരിശീലനം ഗണിത പസിലുകൾ എന്നിവ ചെയ്യുന്നു. | ജൂൺ to മാർച്ച് | [illegible] HM അവിൽ. | 500/- |
| ഗണിതപാട്ട്, പസ്സിൽ, പാറ്റേണുകൾ, കടങ്കഥകൾ മുതലായവ ശേഖരിച്ച് ഗണിത മാഗസിൻ തയ്യാറാക്കുന്നു | | | |

| | | | |
|---|---|---|---|
| **പരിസരപഠനം**<br><br>ലക്ഷ്യം<br>പ്രകൃതിയിലെ സസ്യങ്ങളുടെയും ജീവജാലങ്ങളുടെയും വൈവിധ്യം തിരിച്ചറിയുന്നു.<br>ജലസംരക്ഷണം<br>പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക<br><br>ജൈവവൈവിധ്യ പാർക്ക്:<br>സ്കൂൾ പരിസ്ഥിതി ക്ലബ്ബിന്റെയും, ഹരിത സേനയുടെയും നേതൃത്വത്തിൽ പൂച്ചെടികൾ, ഔഷധ സസ്യങ്ങൾ ശേഖരിക്കുന്നു. സ്കൂളിൽ നടുന്നു. കുട്ടികൾക്ക് വിവിധ പാഠഭാഗവുമായി പാർക്ക് പ്രയോജനപ്പെടുത്തുന്നു.<br>ജലം - പോസ്റ്റർ തയ്യാറാക്കൽ.<br>പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് ശുചിത്വക്യാമ്പയിൻ<br>• സ്കൂൾ പരിസരത്ത് പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ടുള്ള അറിയിപ്പ് ബോർഡ് സ്ഥാപിക്കുന്നു.<br>• മാലിന്യങ്ങൾ തരംതിരിച്ച് പ്ലാസ്റ്റിക് ഉപയോഗിച്ച് കൗതുക വസ്തുക്കൾ ഉണ്ടാക്കുന്നു.<br>വിത്തുകൾ ശേഖരണം പ്രദർശനം.<br>• എല്ലാ ക്ലാസുകാരും വിത്തുകൾ ശേഖരിക്കുകയും പ്രദർശനം നടത്തുകയും ചെയ്യുന്നു. | ജൂൺ to മാർച്ച് | ചിലവ് 30,000/- | |

| | | | |
|---|---|---|---|
| **കലാപഠനം**<br>ലക്ഷ്യം: കുട്ടികളുടെ സർഗശേഷി വികസനം.<br><br>**സർഗവേള:**<br>ആഴ്ചയിലെ അവസാന ദിവസം ക്ലാസ്തല സർഗവേള നടത്തുന്നു. കഥ, കവിത, സ്കിറ്റ് എന്നിവ അവതരിപ്പിക്കുന്നു. മാസാവസാനം നമ്മെ നാടറിയാതെ എന്ന പ്രവർത്തനവും നടത്തുന്നു. | ജൂൺ to മാർച്ച് | class tr. | NA. |
| **സ്കൂൾ വാർഷികാഘോഷം:**<br>* സ്കൂളിലെ മുഴുവൻ കുട്ടികൾക്കും അവസരം നൽകുന്ന രീതിയിൽ ഒരുക്കുന്നു. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ സഹകരണത്തോടെ പരിശീലനം പൂർത്തിയാക്കുന്നു. | ജനുവരി to മാർച്ച് | PTA | 50000/- |
| **പഠനയാത്ര**<br>ലക്ഷ്യം: നേരിട്ട് കണ്ടറിഞ്ഞ് കാര്യം ഗ്രഹിക്കാൻ അവസരം, യാത്ര വിവരണം തയ്യാറാക്കൽ.<br>സ്കൂളിലെ പഠനയാത്രക്ക് താൽപര്യം ഉള്ള കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി പഠനയാത്ര സംഘടിപ്പിക്കുന്നു. സ്ഥലത്തിന്റെ ചരിത്രപ്രാധാന്യം മറ്റുകാര്യങ്ങൾ എന്നിവ മനസ്സിലാക്കുന്നു. | ജനുവരി to മാർച്ച് | അനുരാഗ് KC | 50000/- |

| | | | |
|---|---|---|---|
| യോഗ പരിശീലനം.<br>* കുട്ടികൾക്ക് ആഴ്ചയിൽ ഒരു ദിവസം യോഗപരിശീലനത്തിന് അവസരം ലഭിക്കുന്നു. യോഗ ഡാൻസ് പരിശീലിക്കുകയും സ്കൂൾ വാർഷികത്തിന് അവതരിപ്പിക്കുകയും ചെയ്യുന്നു. | ജൂൺ to മാർച്ച് | | 10,000/- |

| | | |
|---|---|---|
| സമഗ്ര ഗുണമേന്മ പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന മൊഡ്യൂൾ പ്രകാരം ക്ലാസ് തലത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നു. മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു<br>* സ്കൂളിനെ അറിയൽ<br>* റോഡ് സുരക്ഷ<br>* വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സൗന്ദര്യവത്കരണം<br>* പൊതു ആരോഗ്യം<br>* ഡിജിറ്റൽ അച്ചടക്കം<br>* പൊതുമുതൽ സംരക്ഷണം<br>* പരസ്പര സഹകരണത്തിന്റെ പ്രാധാന്യം | June 3 to June 13 | class Tr |

| | | | |
|---|---|---|---|
| **അക്ഷരക്കൂട്ട്**<br>വായനയിലും ലേഖനത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് work bookന്റെ സഹായത്തോടെ പ്രത്യേക പരിശീലനം നൽകുന്നു. | July to March | Class Tr | |
| **വിജ്ഞാന കൗതുകം**<br>പത്രവാർത്തകളിൽ നിന്നും ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ നിന്നും പ്രധാനവിവരങ്ങൾ ശേഖരിച്ച് എഴുതുന്നു. മാസത്തിൽ ഒരിക്കൽ GK Quiz നടത്തുന്നു. | June to March | | |
| **വിജയ ജാലകം**<br>പഠനത്തിൽ മികവ് പുലർത്തുന്ന നാലാം ക്ലാസിലെ കുട്ടികൾക്ക് LSS പരിശീലനം നൽകുന്നു. | July to March | Class Tr | |

| | | | |
|---|---|---|---|
| **Gramy Time**<br>English words, sentence, പാഠഭാഗവുമായി ബന്ധപ്പെട്ട വന്ന് പഠനപ്രവർത്തനങ്ങൾ തുടങ്ങിയവ Game കളിലൂടെ പരിചയപ്പെടുത്തുന്നു. | July to March | class Tr | |
| **മഴവില്ല്**<br>ആഴ്ചയിലൊരിക്കൽ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്നു. | Aug to March | | |

## അവസ്ഥാ വിശകലനം

2024-25 അധ്യയന വർഷത്തിൽ ഒന്ന് മുതൽ നാല് വരെ ക്ലാസുകളിലായി വിദ്യാർഥികളും 4 അധ്യാപകരുമാണ് ഉള്ളത്. കൂടാതെ പ്രീ-പ്രൈമറി വിഭാഗത്തിൽ കുട്ടികളും ഒരു അധ്യാപികയും ഉണ്ട്.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും പരിമിതികളും

* ആകർഷകമായ കെട്ടിടത്തിന്റെയും ക്ലാസ്മുറികളുടെയും അഭാവം.
* അൺ-എയ്ഡഡ് സ്കൂളുകളുടെ കടന്നുകയറ്റം.
* ലൈബ്രറി റൂം, ലാബോറട്ടറി എന്നിവയുടെ പോരായ്മ.
*